"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - ശിവപ്രകാശം യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അബ്ജിത്ത് ടി.പ്രസാദ്-ന് പഠനാവശ്യത്തിനായി 14.09.2021 മുതൽ 20.04.2023 വരെ ശൂന്യവേതനാവധി അനുവദിച്ചും 21.04.2023 മുതൽ 21.10.2023 വരെ നോൺഡ്യൂട്ടിയായി ക്രമീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3685/2026/GEDN തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. ശ്രീ.അബ്ജിത്ത് ടി.പ്രസാദ്-ന്റെ 03.02.2022 തീയതിയിലെ ലീവ് അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.04.2022, 25.10.2022, 05.05.2024, 17.08.2024, 09.08.2025, 16.05.2026 എന്നീ തീയതികളിലെ ജി4/4562/2022/ഡിജിഇ നമ്പർ കത്തുകൾ.
3. തലശ്ശേരി നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.10.2022 തീയതിയിലെ ഇ/1180/2022 നമ്പർ കത്ത്.

**ഉത്തരവ്**

ശിവപ്രകാശം യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അബ്ജിത്ത്.ടി പ്രസാദിന് പഠനാവശ്യത്തിനായുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. 14.09.2021 ൽ ശ്രീ.അബ്ജിത്ത് ടി. പ്രസാദിന് മൂന്ന് വർഷത്തെ തുടർച്ചയായ സേവനം ഇല്ലാത്തതിനാൽ പഠനാവശ്യത്തിനായി കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B പ്രകാരമുള്ള ശൂന്യവേതനാവധിക്ക് ആണ് അർഹത. ഒരു കോഴ്സിന്റെ പൂർണ്ണമായ കാലയളവിലേയ്ക്ക് മാത്രമേ ഈ അവധി അനുവദിയ്ക്കാനാകു. കൂടാതെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B ചട്ടം (V) പ്രകാരം മേൽ അവധി മറ്റ് ഒരു അവധിയുമായും സംയോജിപ്പിക്കുവാൻ വ്യവസ്ഥയില്ല. അതിനാൽ 01.11.2021 മുതൽ 31.01.2022 വരെ അനുവദിച്ച് നല്കിയ ആർജ്ജിതാവധി, അർദ്ധവേതനാവധി എന്നിവ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ച ശേഷം, കോഴ്സിന്റെ കാലയളവായ 14.09.2021 മുതൽ 20.04.2023 വരെ, ടി കാലയളവിലേക്ക് അവധിയുടെ സ്വഭാവം 'ശൂന്യവേതനാവധി' എന്ന് രേഖപ്പെടുത്തിയ ചട്ടപ്രകാരമുള്ള അവധി അപേക്ഷ ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ശ്രീ അബ്ജിത് ടി പ്രസാദ് ൻറെ 1-11-2021 മുതൽ 31-1-2022 വരെയുള്ള ആർജിതാവധി, അർദ്ധവേതനാവധി എന്നിവ റദ്ദ് ചെയ്തിട്ടുണ്ട് എന്നും 21-8-2020 തീയതിയിലെ പ്രധാനാധ്യാപികയുടെ 01/08/2020 ലെ ഉത്തരവ് പ്രകാരം ടിയാൻ 31-07-2020 തീയതിയിൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രധാനാധ്യാപിക അറിയിച്ചിട്ടുണ്ട് എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും കോഴ്സിന്റെ കാലയളവായ 14-9-2021 മുതൽ 20-4-2023 വരെ ചട്ടപ്രകാരമുള്ള ശൂന്യ വേതനാവധി അപേക്ഷ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശിവപ്രകാശം യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അബ്ജിത്ത് ടി. പ്രസാദിന് 14.09.2021 മുതൽ 20.04.2023 വരെ പഠനാവശ്യത്തിനായി കെ.എസ്.ആർ ഭാഗം I അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചും 21.04.2023 മുതൽ 21.10.2023 വരെയുള്ള കാലയളവ് 14.09.2021 ന് മുൻപ് പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീ.അബ്ജിത്ത് ടി.പ്രസാദ്, ശിവപ്രകാശം യു.പി സ്കൂൾ, പറമ്പായി, മമ്പറം പി.ഒ.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Resmi Babu
Date: 03-06-2026 09:26:07

സെക്ഷൻ ഓഫീസർ

പകർപ്പ്:-
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്